# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നാദാപുരം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
E-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.9/1625/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി – 17.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാദാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാദാപുരം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.9/1625/2017 തീയതി – 17.08.2017

# കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട്ജില്ലയിലെ നാദാപുരംഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 15.11.16 മുതൽ 13.07.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.07.2017മുതൽ 20.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗിരീശൻ പാറപ്പൊയിൽ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഇന്ദുലേഖ.എ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയകുമാർ പാലൊളി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഡാനിഷ്.എ.ഇസൈഡ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സഫീറ മൂന്നാംകുനി | 1.04.16മുതൽ 31.03.17 വരെ |

| | | |
|---|---|---|
| സെക്രട്ടറി. | ശ്രീ .കെ.പി.മുഹമ്മദ് ഷഫീഖ് | 1.04.16മുതൽ12.02.17 വരെ |
| | ശ്രീ. കെ. വിനോദ് കൃഷ്ണൻ. (അസി. സെക്രട്ടറി ഇൻ ചാർജ്ജ്) | 13.02.17മുതൽ12.03.17 |
| | ശ്രീ.പി.എം. സുരേഷ് ബാബു | 13.03.17മുതൽ31.03.17വരെ |
| സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ | ശ്രീ. സി.വി കുഞ്ഞുകൃഷ്ണൻ -ധനകാര്യം | 1.04.16മുതൽ 31.03.17വരെ |
| | ശ്രീ.ബഗ്ളത്ത് മുഹമ്മദ്-ക്ഷേമകാര്യം | 1.04.16മുതൽ 31.03.17വരെ |
| | ശ്രീമതി.ബിന അണിയാരിമ്മൽ ആരോഗ്യം, വിദ്യാഭ്യാസം. | 1.04.16മുതൽ 31.03.17വരെ |
| | ശ്രീമതി .സുബൈദ.ടി.കെ-വികസനകാര്യം | 1.04.16മുതൽ 31.03.17വരെ |

(സി) മറ്റു നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എ.പി.രഞ്ജുലാൽ | 1.04.2016 മുതൽ 12.02.17 |
| | ശ്രീ.കെ. വിനോദ് കൃഷ്ണൻ. | 12.02.17 മുതൽ31.03.17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എസ്.മനമോഹൻ | 1.04.2016 മുതൽ 30.11.16വരെ<br>01.01.17മുതൽ31.03.17വരെ |
| | ശ്രീമതി. സുനിത.പി.കെ | 01.12.16മുതൽ31.12.16വരെ |
| വെറ്ററിനറി സർജൻ | ഡോ.ടി.രഞ്ജിത്ത് | 1.04.2016മുതൽ 15.10.16 |
| | ഡോ..നിഷ.കെ.എം | 15.10.16 മുതൽ 13.12.16 |
| | ഡോ.ഷിനോജ്.കെ.എം | 17.12.16മുതൽ 31.03.17 |
| കൃഷി ഓഫീസർ | ശ്രീമതി. | 1.04.2016 മുതൽ 31.03.17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കൗസല്യ വി.കെ | 1.04.2016 മുതൽ 31.03.17വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കമാരൻ.പി.പി | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച് .സി | ഡോ.ഗീത ഗുരുദാസ് | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. | 1.04.2016 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.കെ.എൻ ഹരിലാൽ | 1.04.2016 മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.പി.എം.ദയാകലൻ | 1.04.2016 മുതൽ11.01.17 വരെ |

| | | |
|---|---|---|
| | ശ്രീ.നിസ്സാർ യു.പി | 1.04.16മുതൽ 31.03.17വരെ |
| | ശ്രീ. സലിൻകുമാർ | 12.01.17മുതൽ 31.03.17വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പേര് വിവരം ലഭ്യമായിട്ടില്ല | 1.04.2016 മുതൽ 31.03.17വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | ഭാഗം - 1<br>പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | ഭാഗം - 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 11 | 2-1 | വാർഷിക കണക്കുകളുടെ അപാകതകൾ |
| 12 | 2-2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 13 | 2-3 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. |
| 14 | 2-4 | പരസ്യനികുതി ബൈലോ പ്രകാരം ഈടാക്കുന്നില്ല. |

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 15 | 2-5 | ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വിവിധ പ്രൊജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു. |
| ഭാഗം - 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു. |
| 17 | 3-2 | അങ്കണവാടികളിലെ പോഷകാഹാര വിതരണം – കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ് – വികസനഫണ്ട് വകമാറ്റപ്പെടുന്നു. |
| 18 | 3-3 | പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല. |
| 19 | 3-4 | ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം – ഫയർ & സേഫ്റ്റി സംവിധാനം ഒരുക്കിയിട്ടില്ല. |
| 20 | 3-5 | ഓഡിറ്റോറിയം നിർമ്മിച്ചത് – ഉപയോഗപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചില്ല. |
| 21 | 3-6 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് |
| 22 | 3-7 | ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം, വില, വാറ്റ് എന്നിവ ലഭ്യമായിട്ടില്ല. |
| 23 | 3-8 | കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി/ നിർമ്മാണ പ്രവൃത്തികൾ – സേവന നികുതി ഒടുക്കിയിട്ടില്ല. |
| 24 | 3-9 | പാലിന് സബ്സിഡി നൽകൽ – തുക ഗുണഭോക്താക്കൾക്കു നൽകിയതിന്റെ മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല. |
| 25 | 3-10 | ഭവന പുനരുദ്ധാരണത്തിന് അർഹതയില്ലാത്ത ഗുണഭോക്താവിന് ഭവന പുനരുദ്ധാരണം നടത്താതെ ധനസഹായം നൽകി |
| 26 | 3-11 | വീട് പുനരുദ്ധാരണം ( ജനറൽ) അർഹരായവർ ഉണ്ടായിരിക്കെ അനർഹരായവർക്ക് സഹായം നൽകി. |
| 27 | 3-12 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ സർക്കാരം അഗീകാരം നൽകിയില്ല – ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. |
| 28 | 3-13 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – പദ്ധതി രൂപീകരണത്തിലെ അപാകത മൂലം അർഹമായ ധനസഹായം നൽകാൻ കഴിയാതെ പോയി |
| 29 | 3-14 | ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാധനങ്ങളും ലഭ്യമാക്കൽ പ്രൊജക്ട് – നാളിതുവരെയും മരുന്നുകൾ ലഭിച്ചില്ല. |

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| | | |
| 30 | 3-15 | എൻ.എച്ച്.എം ഹോസ്പിറ്റലിന് മരുന്ന് വാങ്ങൽ – മുഴുവൻ മരുന്നും ലഭിച്ചില്ല. |
| 31 | 3-16 | ഖരമാലിന്യ സംസ്കരണം – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക വിരുദ്ധം |
| 32 | 3-17 | കുടിവെള്ള വിതരണം – തുക ചെലവഴിച്ചതിലെ അപാകതകൾ |
| 33 | 3-18 | തെരുവ് വിളക്ക് സ്ഥാപിക്കൽ – പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 34 | 3-19 | കൊതുക നിവാരണം – പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 36 | 3-20 | പ്രൊക്യൂർമെന്റ് കമ്മിറ്റി – സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 36 | 3-21 | ലൈബ്രറി സെസ്സ് – കൃത്യസമയത്ത് അടവാക്കാത്തത് |
| 36 | 3-22 | കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല. |
| 36 | 3-23 | വാഹന പരിപാലനവും അറ്റകുറ്റപ്പണികളും – നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 37 | 3-24 | കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കൽ – തുടർ നടപടികൾ സ്വീകരിക്കാത്തത്. |
| | | ഭാഗം - 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 37 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 44 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 46 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ 26.02.2016 തിയതിയിലെ 23/2016 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 21.03.2017-ലെ 39/2017 നമ്പർ തീരുമാനപ്രകാരവും പാസ്സാക്കി.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കുറവ് | കൂടുതൽ | (+)/(-) |
| മുന്നിരിപ്പ് | 2687514 | 2853179 | | 165665 | (+)6 |
| വരവ് | 168834000 | 167259017 | 1574983 | - | (-).93 |
| ആകെ | 171521514 | 170112196 | 1409318 | - | (-).82 |
| ചെലവ് | 170445400 | 163001200 | 7444200 | - | (-)43 |
| നീക്കിയിരിപ്പ് | 1076114 | 7110996 | | 6034882 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.17 | 7.07.17 | ----- | ------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 20.07.2017 | അനുബന്ധമായി ചേർത്തു. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 10526123

വരവ് - 93096506

ആകെ - 103622629

ചെലവ് - 93162133

നീക്കിയിരിപ്പ്- 10460496

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 14717362 | 14717362 | 13194942 | 1522420 | 89.65 |
| വികസനഫണ്ട് എസ്.സി.പി. | --- | 1247688 | 1247688 | 1197688 | 50000 | 96 |
| വികസനഫണ്ട് ടി.എസ്.പി. | -- | - | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | --- | 6654474 | 6654474 | 6463396 | 191078 | 97.1 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | --- | 4077696 | 4077696 | 2321079 | 1756617 | 56.92 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ---- | 8254381 | 8254381 | 7851115 | 403266 | 95 |
| പെർഫോമൻസ് ഗ്രാന്റ് | ---- | 3294943 | 3294943 | 3079708 | 215235 | 93.46 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2084 | 20643554 | 20645638 | 20635499 | 10139 | 99.45 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | | 111 | | 9 | 44 | 68 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം

61.47ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8862757 | 11450690 | 2587933 | 29.2 |
| നികുതിയേതര വരവുകൾ | 2843590 | 2989031 | 145441 | 5.1 |
| മറ്റുവരവുകൾ | 736703 | 1327964 | 591261 | 0 |
| ആകെ | 12443050 | 15767685 | 3324635 | 26.7 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 104760 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 6993080 | 857 |
| വിധവാപെൻഷൻ | 13889020 | 1463 |
| വാർദ്ധക്യകാലപെൻഷൻ | 20157245 | 2367 |
| വികലാംഗപെൻഷൻ | 3726615 | 456 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 482190 | 57 |
| വിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.17 ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,540രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചുവരുന്നു.എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകൾ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ ,അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ്

രജിസ്റ്റർ, പ്രോജക്റ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമല്ല. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 16-17വർഷം വസ്തു നികുതിയിനത്തിൽ 200000ത്തോളം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിലെ വിവരങ്ങളിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

## തനതു ഫണ്ട് ചെലവുകൾ

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചു വരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.17 | 1.04.17-31.05.17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2016 | 2011-12 to2015-16 | 20.07.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

1-സഞ്ചയപ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് കളക്ഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2-സാംഖ്യ എ.സി.ആർ പ്രകാരം KLGSDP ഗ്രാന്റ് ഇനത്തിലുള്ള വരവ് 3079708 രൂപയാണ്. വാർഷികകണക്കുപ്രകാരം ഇത് 3352523 ഇവതമ്മിൽ പൊരുത്തപ്പെടുന്നില്ല.

3-പ്രോജക്ട് എക്സ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം ഐ.സി.ഡി.എസ് സൂപ്പർ വൈസർ.വി.ഇ.ഒ എന്നിവരുടെ പദ്ധതിചെലവും നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിച്ച പ്രോജക്ട് രജിസ്റ്റർ പ്രകാരമുള്ള ചെലവുതുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4-ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യനിർണ്ണയതുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5-അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ വാറ്റ് , ഐടി,ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയത് വാർഷികകണക്കിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

6-2016-17ലെ ഡിമാൻെറ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി(ജീവനക്കാർ) വരുമാനം 2340431/- രൂപയും 2016-17ലെ ഹെഡ് വൈസ് കൺസോളിഡേഷൻ പ്രകാരം തൊഴിൽ നികുതി(ജീവനക്കാർ) വരുമാനം 2345431/- രൂപയുമാണ്.കൂടാതെ 2016-17ലെ ഹെഡ് വൈസ് റിപ്പോർട്ട് ഓഫ് പ്രൊഫഷ്ണൽ ടാക്സ്(എംപ്ളോയിസ്) പ്രകാരം വരുമാനം 2350431/- രൂപയുമാണ്.രേഖകളിൽ ഒരേ ഇനത്തിന് മൂന്ന് വ്യത്യസ്ത വരുമാനമാണ് കാണുന്നത്.

വാർഷികകണക്കിലെ മേൽ അപാകതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

നാദാപുരം പഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.11 മുതൽ പരിഷ്കരിച്ചുകൊണ്ട് പഞ്ചായത്ത് കമ്മറ്റി 13.12.2011-ൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിൽ പ്രകാരം മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒരു ചതുരശ്രമീറ്ററിന് 500/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഡിമാന്റ് രേഖകൾ പരിശോധിച്ചതിൽ നിന്നും 2013-14 വർഷം മുതൽക്കാണ് ഗ്രാമപഞ്ചായത്ത് പുതിയ നിരക്കിന് നോട്ടീസ് നൽകിയിരിക്കുന്നത്. ടവറുകളുടെ വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന വാർഷിക നികുതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊഹൈൽ ടവറിന്റെ പേര് | തറവിസ്തീർണ്ണത്തിനനുസരിച്ച് കണക്കാക്കിയ വാർഷിക നികുതി |
|---|---|---|
| | ബി.എസ്.എൻ.എൽ | 7364 |
| | വോഡഫോൺ എസ്സാർ | 9240 |
| | ഇൻഡസ് ടവർ | 6474 |
| | ഇൻഡസ് ടവർ | 8338 |
| | വോഡഫോൺ എസ്സാർ | 8820 |
| | ഭാരതി ഇൻഫ്രാ | 4620 |
| | എസ്സാർ ടെലികോം | 6300 |
| | റിലയൻസ് | 7560 |

മേൽ സൂചിത ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് മൂലം തനതു വരുമാനത്തിൽ വൻ നഷ്ടം

സംഭവിച്ചുകൊണ്ടിരിയ്ക്കുന്നു. ആയത് പരിഹരിയ്ക്കുന്നതിന് കമ്മറ്റിയുടെ അടിയന്തിരശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 2-3 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

നാദാപുരം പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയറുടെ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം 11കോൺട്രാക്ടർമാർ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | ശ്രീജിത്ത്, ഇളംകാട്, പൊയിൽ, കല്ലാച്ചി |
| 2 | കാസ്സിംഭായി.കെ, ഇടത്തൊട്ടിൽ, നരികാട്ടശ്ശേരി |
| 3 | പ്രശാന്ത്.പി.കെ, ഇളംകോട്,പനയുള്ള പറമ്പ്, ചേലക്കാട് |
| 4 | രാജീവൻ കെ, ആനയിൽ, വാരികോളി |
| 5 | വി.എം. കുമാരൻ, പിലാവുള്ളതിൽ മീത്തൽ, കല്ലാച്ചി |
| 6 | അബ്രഹാം തോമസ്, പുല്ലാട്ട് ഹൗസ്, ചാഷൻ തോട്ടം |
| 7 | സജീഷ്, കെ.കെ, കണയംകുളത്ത്, കച്ചേരി. |
| 8 | തോമസ്സ് പി. പുല്ലാട്ട്, കാമിലുംപാറ |
| 9 | മമ്മൂട്ടി,പി,പി, വാണിയം വീട്ടിൽ , വിഷ്ണുമംഗലം |
| 10 | ഹമീദ്.കെ, കൈകോറിയിൽ, പുതിയത്ത് |
| 11 | കുമാരൻ,സി.എച്ച് മലയിൽ |

മേൽസൂചിത കരാറുകാരിൽ നിന്നും അർഹമായ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി ബൈലോ പ്രകാരം ഈടാക്കുന്നില്ല

2010 ലെ നാദാപുരം പഞ്ചായത്ത് പരസ്യനികുതി ബൈലോ4 പ്രകാരം സെക്രട്ടറിയുടെ അനുമതി കൂടാതെ പരസ്യങ്ങൾ പ്രദർശിപ്പിയ്ക്കാൻ പാടില്ലാത്തതും അതിനുള്ള അനുവാദം ഫാറം എ-യിൽ സെക്രട്ടറി നൽകേണ്ടതുമാണ്. ബൈലോ 13പ്രകാരം പരസ്യം നൽകുന്നയാൾ 5ദിവസം മുൻപായി പരസ്യത്തിന്റെ മാതൃകയും നിർദ്ദിഷ്ട ഫോറത്തിൽ സ്റ്റാമ്പ് പതിച്ച അപേക്ഷയും സെക്രട്ടറി മുൻപാകെ സമർപ്പിയ്ക്കേണ്ടതാണ്. ബൈലോ16പ്രകാരം അപേക്ഷലഭിച്ച് 5ദിവസത്തിനകം ഉദ്ദേശിയ്ക്കുന്ന പരസ്യാനുമതി ബൈലോ അനുബന്ധം 1-ൽപറയുന്ന രീതിയിലും നിരക്കിലും പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള പരസ്യനികുതി അപേക്ഷിയ്ക്കുന്ന ആൾ പഞ്ചായത്തിൽ ഒടുക്കേണ്ടതുമാണ്. ബൈലോ 17പ്രകാരം പരസ്യനികുതി ഈടാക്കിയതിന് തെളിവായി പഞ്ചായത്തിന്റെ മുദ്ര പതിച്ചിരിയ്ക്കേണ്ടതാണ്.

ഓഡിറ്റവർഷം പരസ്യനികുതിയിനത്തിലുള്ള വരവ്40000രൂപയാണ്. എന്നാൽ നാദാപുരം പഞ്ചായത്തിൽ പരസ്യനികുതി നിർണ്ണയവും പിരിവും മേൻപറഞ്ഞ നിബന്ധനകൾ ഒന്നും തന്നെ പാലിക്കാതെ യാതൊരു അടിസ്ഥാന രേഖകളും സൂക്ഷിയ്ക്കാതെ കരാറുകാരന്റെ തീരുമാനപ്രകാരം പരസ്യനികുതി ഈടാക്കാനുള്ള അനുവാദം ലേലം വഴി സ്ഥിരപ്പെടുത്തി ക്കൊടുക്കുകയാണ് ഉണ്ടായിട്ടുള്ളത്. തൻമൂലം പഞ്ചായത്തിന് എത്ര നികുതി ലഭ്യമാകുമായിരുന്നെന്നോ ലേലം മുഖേന ലഭിച്ച വരുമാനം ന്യായമായിട്ടുള്ളതായിരുന്നോ തുടങ്ങിയവ തിട്ടപ്പെടുത്താൻ നിർവ്വാഹമില്ല. നിലവിൽ പരസ്യനികുതിയുടെ നിർണ്ണയവും പിരിവും ബൈലോയുടെ ലംഘനം ആയതിനാൽ ആയത് നിയമവിധേയമാക്കുന്നതിന് പഞ്ചായത്ത് അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 2-5 ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച

## തുകകൾചെലവഴിയ്ക്കാൻ അവശേഷിയ്ക്കുന്നു

2016-17വർഷത്തെ വാർഷികണക്കിലെ ബി-4പട്ടിക പ്രകാരം വിവിധ പ്രോജക്ടുകൾക്കായി സ്പെഷ്യൽ ഗ്രാന്റിനത്തിൽ ലഭിച്ച തുകകൾ വർഷങ്ങളായി ചെലവാക്കാതെ അവശേഷിയ്ക്കുന്നു. ആയത് ചെലവഴിയ്ക്കുന്നതിനും പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

| സ്പെഷ്യൽ ഗ്രാന്റിനം | ചെലവാക്കാതെ അവശേഷിയ്ക്കുന്ന തുക |
|---|---|
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 12000 |
| എസ്സ്.എസ്സ്. എ | 826064 |
| ഐ.സി.ഡി.എസ് | 327817 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 3568 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 87300 |
| മദ്യവിമുക്തി പ്രോജക്ടിനായി ലഭിച്ച ഗ്രാന്റ് | 25000 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമസഭകളിൽ അവതരിപ്പിക്കാത്ത പ്രൊജക്ടുകൾ അംഗീകരിച്ചു

ഓഡിറ്റ് വർഷത്തിൽ ഡി.പി.സിയുടെ അംഗീകാരം വാങ്ങിയ 171 പ്രൊജക്ടുകളിൽ 18 പുതിയ പ്രൊജക്ടുകൾ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് വികസന പദ്ധതി രേഖയിൽ ഉൾപ്പെടാത്തതാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട് . വികസന സെമിനാറിൽ കരട് നിർദ്ദേശങ്ങളായി വരുന്ന പദ്ധതികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർദ്ദേശിക്കുന്നവയും , സ്റ്റേക്ക് ഹോൾഡർമാരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്തിയതിനുശേഷം ഗ്രാമ സഭകളിൽ അവതരിപ്പിച്ച് അവയുടെ അംഗീകാരം വാങ്ങിയവയുമാണെന്നിരിക്കെ,കരട് രേഖയിൽപ്പെടാത്ത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ നിന്നും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ സ്ഥാപനത്തിൽ നടന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്ന് വ്യക്തമാകുന്നു. കരട് പദ്ധതിരേഖയിൽപ്പെടാത്തതും ഡി.പി.സിയുടെ അംഗീകാരം ലഭിച്ചതുമായ പ്രൊജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

| മേഖല | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമസഭകളുടെ അംഗീകാരമില്ലാത്ത പ്രൊജക്ടുകൾ | അംഗീകാര മില്ലാത്തതിൽ നിർവ്വഹണം നടത്തിയവ | അംഗീകാര മില്ലാത്തവയ്ക്ക് ആകെ വകയിരുത്തിയ തുക | അംഗീകാര മില്ലാത്തവയ്ക്ക് ചെലവഴിച്ചതുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കാർഷികം | കൃഷി ഓഫീസർ | 204 | 204 | 640000/- | 628256/- |
| പൊതുമരാമത്ത് | അസി.എക്സി.എഞ്ചിനീയർ | 82,91,125,128, 136,150, 151,152,156, 160,188,192, 193,194,197,198 | 125,128,136, 150,151,152,188,192 | 3585050/- | 1396366/- |
| ക്ഷീര വികസനം | ഡയറി ഫാം ഇൻസ്ട്രക്ടർ | 203 | 203 | 350750/- | 350750/- |
| ആകെ | | | | 4575800/- | 2375372/- |

മേല്പറഞ്ഞതിൽ നിന്നും നിയമവിരുദ്ധമായി 45.75 ലക്ഷം രൂപ വകയിരുത്തിയതിൽ 23.75 ലക്ഷം രൂപ ചെലവഴിച്ചതായി കാണാം.1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3, എം. എസ് . 4/2016/തസ്വഭവ. തീ.11.01.16 നമ്പർ പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി പണം വകയിരുത്തിയതിനും ചെലവഴിച്ചതിനും വിശദീകരണം നല്കേണ്ടതാണ്.

## 3-2 അംഗൻവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്-വികസനഫണ്ട് വകമാറ്റപ്പെടുന്നു

അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 66.62 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണത്തിനായി ആകെ വിനിയോഗിച്ചതുക | കേന്ദ്ര വിഹിതമായി ലഭിച്ച തുക | കേന്ദ്ര വിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | തനത് ഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | വികസന ഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 1644088 | 298699 | 222882 | 999998 | 421208 | 60.82 |
| 2013-14 | 1697171 | 300903 | 220876 | 1000000 | 476295 | 58.92 |
| 2014-15 | 1912620 | 226897 | 114099 | 1249831 | 548690 | 65.34 |
| 2015-16 | 1700000 | 951803 | 300000 | 1200000 | 200000 | 70.58 |

| | | | | | | |
|---|---|---|---|---|---|---|
| 2016-17 | 2860799 | 488347 | 386043 | 2089604 | 385152 | 73.04 |
| ആകെ | 9814678 | 2266649 | 1243900 | 6539433 | 2031345 | 66.62 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്.എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 23.09% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 49.07 ലക്ഷം രൂപ പ്ലാൻ/തനത് ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്,75.48 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നു.പ്ലാൻ/തനത് ഫണ്ടിൽ നിന്നും മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 26.41 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു.

പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തത് വീഴ്ചയാണ്.അപാകതയ്ക്ക് വ്യക്തമായ വിശദീകരണം

നല്കേണ്ടതാണ്.(2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.29 കൂടി കാണുക)

## 3-3 പുഴ,പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 പ്രകാരം , ടി സെക്ഷനിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും ,തോടുകളും ,തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകകളും ,സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്.മയ്യഴി പുഴ(വാണിമേൽ പുഴ) കടന്നുപോകുന്ന ഗ്രാമപഞ്ചായത്തിൽ മേൽ വകുപ്പുപ്രകാരം നിക്ഷിപ്തമായ നദികളും തീരങ്ങളുമുണ്ടെന്നിരിക്കെ ,ഇവ സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.കിലോമീറ്ററുകളോളം ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലൂടെ കടന്നുപോകുന്ന മേൽ പുഴയുടെ മറുതീരം ചെക്യാട്,വളയം,വാണിമേൽ എന്നീ പഞ്ചായത്തുകളുടെ അതിര് നിശ്ചയിക്കുന്നു. മേൽ സെക്ഷന്റെ ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ് .മേൽ വകുപ്പു പ്രകാരംഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പഞ്ചായത്തിന്റെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ് .പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നല്കേണ്ടതും, പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് ,സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.(2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.14 കൂടി കാണുക)

## 3-4 ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം- ഫയർ & സേഫ്റ്റി സംവിധാനം ഒരുക്കിയിട്ടില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

2012-13 വർഷത്തിൽ ആരംഭിച്ച ,ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം കല്ലാച്ചി എന്ന പദ്ധതി

പ്രകാരമുള്ള ഓഡിറ്റോറിയം നിർമ്മാണം , എകദേശം മൂന്ന് കോടിയോളം ചെലവിൽ ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഫയർ & സേഫ്റ്റി സംവിധാനം നാളിതുവരെ ഒരുക്കുകയോ, ഇതിനുള്ള പ്രൊജക്ട് വിഭാവനം ചെയ്യുകയോ ചെയ്തിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 2.25 കോടി രൂപയുടെ ലോൺ ലഭ്യമാക്കി നിർമ്മിച്ചിരിക്കുന്ന കെട്ടിടം പൂർണ്ണമായും ഉപയോഗപ്പെടുത്തണമെങ്കിൽ മേൽ സംവിധാനം ആവശ്യമാകയാൽ അടിയന്തിരമായി ആയത് ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഓഡിറ്റോറിയം നിർമ്മിച്ചത് - ഉപയോഗപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചില്ല

2012-13 വർഷത്തിൽ വിഭാവനം ചെയ്ത ,ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം കല്ലാച്ചി എന്ന പദ്ധതി പ്രകാരമുള്ള ഓഡിറ്റോറിയം നിർമ്മാണം , എകദേശം മൂന്ന് കോടിയോളം ചെലവിൽ ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2016 ഡിസംബർ മാസമാകുമ്പോഴേക്കും ഏകദേശം എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച പദ്ധതി, കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 2.25 കോടി രൂപയുടെ ലോൺ ലഭ്യമാക്കിയാണ് നിർവ്വഹിച്ചിരിക്കുന്നത്.ഓഡിറ്റ് വർഷത്തിൽ 76000/- രൂപ ഓഡിറ്റോറിയം വാടകയ്ക്ക് നല്കിയയിനത്തിൽ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ , ഓഡിറ്റോറിയത്തന്റെ പരിപാലനം,വാടകനിരക്ക്, ഉപയോഗം സംബന്ധിച്ച നിബന്ധനകൾ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്ന വിശദമായ ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. 12% സ്ഥിരം പലിശനിരക്കിൽ ലഭ്യമാക്കിയ ലോണിന് ,തുടക്കത്തിൽ പ്രതിമാസം 225000/- രൂപ പലിശവരുമെന്നിരിക്കെ(പ്രതിവർഷ പലിശ -27 ലക്ഷം രൂപ) പ്രവൃത്തി പൂർത്തീകരിച്ച് ആറുമാസത്തോളമായിട്ടും ഓഡിറ്റോറിയം ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് വ്യക്തത വരുത്താത്തത് വീഴ്ചയാണ്.ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 20,53,80,56,57,58,62,64,68,85,21,73,79,72,70,84എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-7 ഇ ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ,വാറ്റ് എന്നിവ ലഭ്യമായിട്ടില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ ഇ ടെണ്ടർ നടത്തിയിട്ടുണ്ട് . മേൽ ടെണ്ടറുകളുടെ ടെണ്ടർ ഫോറം വില, വാറ്റിനത്തിലുള്ള തുക എന്നിവ നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോറം വിലയും, വാറ്റിനത്തിലുള്ള തുകയും ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത് .സമയബന്ധിതമായി ആവശ്യപ്പെടാത്തതിനാൽ ഈ ടെണ്ടറുകളുടെ തുക മേൽ അക്കൗണ്ടിൽ കിടക്കുകയാണ് .തുക അടിയന്തിരമായി കൈപ്പറ്റേണ്ടതും, വാറ്റ് ഇനത്തിലുള്ളത് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | 117/17-നാദാപുരം GUP സ്കൂൾ ഓഡിറ്റോറിയം അറ്റകുറ്റപ്പണികൾ | 620000/- |
| 2 | 188/17-ഗ്രാമപഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 1485000/- |
| 3 | 31/17 – പഞ്ചായത്ത് ഓഫീസ് കിണർ നിർമ്മാണം | 1000000/- |

## 3-8 കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി/ നിർമ്മാണപ്രവൃത്തികൾ– സേവനനികുതി ഒടുക്കിയിട്ടില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികളുടെ നിർമ്മാണ/ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സേവനനികുതി ഒടുക്കുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അവസാനബിൽ തുക/ പാർട്ട് ബിൽ തുക നല്കുമ്പോൾ സേവനനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തി | ബിൽ തുക |
|---|---|---|
| 1 | 117/17-നാദാപുരം GUP സ്കൂൾ ഓഡിറ്റോറിയം അറ്റകുറ്റപ്പണികൾ | 498525/- |
| 2 | 188/17-ഗ്രാമപഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 537426/- |

സമയബന്ധിതമായി നികുതി ഒടുക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.കൂടാതെ നികുതി അടിയന്തിരമായി ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-9 പാലിന് സബ്സിഡി നൽകൽ -തുക ഗുണഭോക്താക്കൾക്കുനൽകിയതിന്റെ മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല.

പ്രോജക്ട് നം-203/17

അടങ്കൽ -350750

ചെലവ് -350750/- (ബിൽ നം-1/28-3-17)

പഞ്ചായത്തിലെ നാല് ക്ഷീരസംഘങ്ങളിലായി പാലളക്കുന്ന കർഷകർക്ക് ഉല്പാദിപ്പിച്ച പാലിന് 3 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 254 കർഷകർ ഉല്പാദിപ്പിച്ച പാലിന്റെ അളവ് പ്രകാരം സബ്സിഡിയായി താഴെ പറയും പ്രകാരം തുക ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

| സംഘത്തിന്റെ പേര് | കർഷകരുടെ എണ്ണം | തുക |
|---|---|---|
| നരിക്കാട്ടേരി ക്ഷീരസഹകരണ സംഘം | 85 | 150209 |
| കല്ലാച്ചി ക്ഷീര വ്യവസായ സഹകരണ സംഘം | 130 | 150333 |
| വിഷ്ണുമംഗലം ക്ഷീരോൽപ്പാദകസഹകരണ സംഘം | 37 | 45342 |
| ആവോലം ക്ഷീരോൽപ്പാദകസഹകരണ സംഘം | 2 | 4866 |
| | 254 | 350750 |

മേൽ ക്ഷീരസംഘങ്ങളിൽ നരിക്കാട്ടേരി ക്ഷീരസഹകരണ സംഘം ഒഴികെ മറ്റ് ക്ഷീരസംഘങ്ങൾ സബ്സിഡി തുക കർഷകർക്ക് നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.ചെലവ് തുക 200541/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഭവനപുനരുദ്ധാരണത്തിന് അർഹയല്ലാത്ത ഗുണഭോക്താവിന് ഭവനപുനരുദ്ധാരണം നടത്താതെ ധനസഹായം നൽകി.

പ്രോജക്ട് നം-98/17

അടങ്കൽ -400000 ( വികസനഫണ്ട്-275000/-,തനത്ഫണ്ട്-125000/-)

ചെലവ് -275000/- (ബിൽ നം-7/16-17 തീയ്യതി 31-3-17)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പ്രോജക്ടിൽ ശ്രീമതി ബിന്ദു ഒതയോത്ത് വൈഫ് ഓഫ് രാജൻ എന്നവർക്ക് ഭവനപുനരുദ്ധാരണ സഹായമായി 50000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി കൈമാറിയിട്ടുണ്ട്. നിലം ടൈൽ പാകുന്നതിനായി തയ്യാറാക്കിയ 67500/- രൂപ എസ്റ്റിമേറ്റിന്റെയും, എ.ഇ യുടെ 28-3-17ലെ 65000/-രൂപ വാല്യോഷന്റെയും അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന് തുക നൽകിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വീട് പുനരുദ്ധാരണ പ്രൊജക്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തേണ്ട ,വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ-അറ്റകുറ്റപണികൾ അനിവാര്യമായവയായിരിക്കണം .കൂടാതെ പുതിയവീട് നിർമ്മിച്ച് 12 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ മേൽ ധനസഹായത്തിന് അർഹതയുള്ളൂ. 19-7-2017 ന് ഓഡിറ്റിന്റെ ഭാഗമായി സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനായ ശ്രീ .മധുസൂദനൻ .വി സീനിയർക്ളാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ശ്രീമതി ബിന്ദു ഒതയോത്ത് താമസിക്കുന്ന 13/439 നമ്പരിലുള്ള വീട് ഇരുനില കോൺക്രീറ്റ് വീടാണെന്നും വർഷങ്ങൾക്ക് മുൻപ് തന്നെ ഗ്രൗണ്ട് ഫ്ളോർ വെർട്ടിഫൈഡ് ടൈൽ പാകിയതും മുകൾ നിലയിൽ രണ്ടു മുറികൾ മാത്രമാണ് ടൈൽ പാകാൻ അവശേഷിക്കുന്നതായുള്ളത് എന്നുമാണ് കാണാൻ കഴിഞ്ഞത്. പദ്ധതിയുടെ ഭാഗമായി പുനരുദ്ധാരണ പ്രവർത്തികൾ ഒന്നും തന്നെ പ്രസ്തുത വീട്ടിൽ നടത്തിയിട്ടില്ല. അനർഹയായ ഗുണഭോക്താവിന് മുൻവർഷങ്ങളിൽ ചെയ്ത പ്രവർത്തിക്ക് പഞ്ചായത്തിൽ നിന്നും പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ചെലവ് തുക 50000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ആയത് ഉത്തരവാദികളായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-11 വീട്പുനരുദ്ധാരണം(ജനറൽ) അർഹരായവർ ഉണ്ടായിരിക്കെ അനർഹരായവർക്ക് സഹായം നൽകി.

പ്രോജക്ട് നം-110/16-17

അടങ്കൽ-550000/-

ചെലവ് -550000/-

പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി 22 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് 25000/- രൂപവീതം നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ നൽകിയിട്ടുണ്ട്. ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം

ഇവർക്ക് ലഭിച്ച മാർക്ക് താഴെ പറയും പ്രകാരമാണ്.

| ക്രമനം | വാർഡ് നം | ഗുണഭോക്താവിന്റെ പേര് | മാർക്ക് |
|---|---|---|---|
| 1 | 1 | മാതു കോറോത്ത് മീത്തൽ | 65 |
| 2 | 2 | മഹമൂദ് തോടന്റവിട | 75 |
| 3 | 3 | ലീന തെറ്റത്ത് | 65 |
| 4 | 4 | മാതു തൊണ്ടൻകുളങ്ങര | 100 |

| | | | |
|---|---|---|---|
| 5 | 5 | ദേവി.എം.എൻ | 90 |
| 6 | 6 | മാതു ചങ്ങരാണ്ടിയിൽ | 85 |
| 7 | 7 | പാത്തു അത്തിലാട്ട് | 75 |
| 8 | 8 | മാണി മണ്ണാറന്റെ മീത്തൽ | 90 |
| 9 | 9 | ജാനു കുഴിക്കിലക്കണ്ടിമീത്തൽ | 60 |
| 10 | 10 | ദേവി കരമ്പിൻമീത്തൽ | 65 |
| 11 | 10 | മീനാക്ഷി കുറ്റക്കണ്ടിതാഴെ | 65 |
| 12 | 11 | മാത കൈപ്രത്ത് | 90 |
| 13 | 12 | പത്മനാഭൻ കണ്ണംകോട്ട് | 75 |
| 14 | 14 | മാണിഅമ്മ തയ്യുള്ളതിൽ | 75 |
| 15 | 15 | വത്സല മുളങ്കാട്ടിൽ | 50 |
| 16 | 16 | മാത പറമ്പൻകുളങ്ങര | 90 |
| 17 | 17 | ചപ്പില നച്ചിക്കാട്ട് | 100 |
| 18 | 18 | ചന്ദ്രി തറക്കണ്ടിതാഴെകുനി | 90 |
| 19 | 19 | കമല ചാലിൽ | 80 |
| 20 | 20 | ഷീബ അജിത്കുമാർ | 75 |
| 21 | 21 | പാത്തുട്ടി താഴെക്കണ്ടി | 100 |
| 22 | 22 | ബീയ്യാത്തു നാമത്ത്താഴെകുനി | 40 |

എന്നാൽ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂടുതൽ മാർക്ക് ലഭിച്ചവർ ഉണ്ടെന്നിരിക്കെയാണ് ഇവരിൽ പലർക്കും ഭവന പുനരുദ്ധാരണത്തിനായി സഹായം നൽകിയിരിക്കുന്നത് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം | ഗുണഭോക്താവിന്റെ പേര് | ലഭിച്ചമാർക്ക് |
|---|---|---|
| 4 | ബിന്ദു ഏരംകുന്നുമ്മൽ | 90 |
| 4 | മന്ദി വലിയപറമ്പത്ത് | 85 |
| 4 | കുഞ്ഞിക്കണ്ണൻ ചെറിയവേട്ടുമ്മൽ | 75 |
| 4 | സജിനി അമ്പിടാണ്ടി | 75 |
| 4 | ചിരുത തയ്യുള്ളതിൽ | 75 |
| 4 | നാണി പുളിഞ്ഞോളി | 65 |
| 11 | വിനോദൻ .സി.കെ | 80 |
| 11 | നാരായണി മലയിൽ | 80 |
| 11 | ശാന്ത ആലോള്ളപറമ്പത്ത് | 75 |
| 11 | ജാനു പാറക്കെട്ടിൽ | 75 |
| 11 | ശോഭ ചെറിയകൈപ്രത്ത് | 75 |

ഇതിൽ നിന്നും പഞ്ചായത്തിനെ ഒറ്റയൂണിറ്റായി കണ്ടല്ല തൻ വർഷം ഭവനപുനരുദ്ധാരണ പദ്ധതിക്കായി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതെന്നു കാണുന്നു. ഇതുകാരണം കൂടുതൽ മാർക്ക് ലഭിച്ച ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ കുറഞ്ഞമാർക്ക് കിട്ടിയ ഗുണഭോക്താക്കൾക്ക് തൻ വർഷം ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനിടയായതായി ഓഡിറ്റ് വിലയിരുത്തുന്നു .അപാകതക്ക് വിശദീകരണം

നൽകേണ്ടതാണ്.ചെലവ് തുക 550000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ബഡ്സ്റിഹാബിലിറ്റേഷൻ സെന്റർ സർക്കാർ അംഗീകാരം ലഭ്യമായില്ല-ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു

പ്രോജക്ട് നം-93/17

അടങ്കൽ - 550000 (300000 (വികസനഫണ്ട്, 50000തനത് ഫണ്ട്, 200000മറ്റുള്ളവ).

ചെലവ് -423205 (300000 (വികസനഫണ്ട്), 50000തനത്ഫണ്ട്, 73203 മറ്റുള്ളവ).

പഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പിനായി തൻവർഷം നിർവ്വഹണ ഉദ്ദോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ 4,23,205/- ചെലവഴിച്ചിട്ടുണ്ട്. ടീച്ചർ, ആയ എന്നിവരുടെ ഹോണറേറിയം, അന്തേവാസികളുടെ ഭക്ഷണ ചെലവ്, വാഹന ചെലവ് മറ്റ് നടത്തിപ്പ് ചെലവുകൾ എന്നിവക്കാണ് തുക ചെലവഴിച്ചിരിക്കുന്നത് .എന്നാൽ സെന്ററിന് സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇതുസംബന്ധിച്ച പരാമർശം ഉൾപ്പെട്ടിരുന്നെങ്കിലും സ്കൂളിന് അംഗീകാരം ലഭിച്ചതിന്റെ രേഖകളൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ തൻവർഷം സുലേഖ പ്രോജക്ട് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് 4,23,205/- രൂപ ചെലവുണ്ട് എന്നാൽ ഇതിൽ മറ്റ് ഫണ്ടുകളിൽ നിന്നുള്ള അടങ്കലിൽ നിന്നുള്ള ചെലവായി കാണിച്ച 73203/- രൂപയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 4,23,205/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-13 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -പദ്ധതി രൂപീകരണത്തിലെ അപാകത മൂലം അർഹമായ ധനസഹായം നൽകാൻ കഴിയാതെ പോയി.

പ്രോജക്ട് നം-102/17

അടങ്കൽ -500000 (250000 വികസനഫണ്ട്,125000 ബ്ളോക്ക് വിഹിതം,125000 ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് -250000 (വികസനഫണ്ട്)

പ്രൊജക്ട് നടത്തിപ്പിന്റെ ഭാഗമായി 45 ഭിന്നശേഷിക്കാരിൽ 42പേർക്ക് 5567 രൂപവീതവും 2 പേർക്ക് 5300 രൂപയും ഒരാൾക്ക് 5586 രൂപയും വീതം ആകെ 250000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥ സ്കോളർഷിപ്പ് ഇനത്തിൽ നൽകിയിട്ടുണ്ട്.പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 500000 രൂപ അടങ്കലിലുള്ള പ്രൊജക്ട് 250000/-രൂപ വികസനഫണ്ടും 125000/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായും 125000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതവും വകയിരുത്തിയാണ് തയ്യാറാക്കിയത് .എന്നാൽ തൻവർഷം ബ്ലോക്ക് , ജില്ലാപഞ്ചായത്തുകൾ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്താത്തതിനാൽ ഇവയിൽ നിന്നുള്ള വിഹിതമായി വകയിരുത്തിയ തുകകൾ ലഭിച്ചില്ല.സംയുക്തപദ്ധതികൾക്കായി പ്രൊജക്ട് തയ്യാറാക്കുമ്പോൾ മറ്റ് സ്ഥാപനങ്ങൾ തൻവർഷം പ്രൊജക്ട് വച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാതെയാണ് പഞ്ചായത്ത് പദ്ധതിക്കായി തുക വകയിരുത്തിയത്.

2. ഗുണഭോക്താക്കളായ 45 ഭിന്നശേഷിക്കാരിൽ 30 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ളവരിൽ മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിമാസം 1000/-രൂപ വീതം സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും ,മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ഒരേ നിരക്കിലാണ് സഹായം നൽകിയത്. പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ മൂലം മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുകലഭിക്കാതിരിക്കുകയും ഇതുകാരണം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലഭിക്കേണ്ട അർഹമായ ധനസഹായം നൽകാൻ കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ സാധനങ്ങളും ലഭ്യമാക്കൽ പ്രോജക്ട് -നാളിതുവരെയായും മരുന്നുകൾ ലഭിച്ചില്ല.

പ്രോജക്ട് നം-143/16-17

അടങ്കൽ -75000/-

ചെലവ് -75000/-(ബിൽ നം-2/27-1-17)

നിർവ്വഹണം -ഹോമിയോ മെഡിക്കൽ ഓഫീസർ.

പ്രൊജക്ട് നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ പെർഫോർമ ഇൻവോയ്സ് നമ്പർ/749 /12-12-16പ്രകാരം 75000/- രൂപ കേരളാസ്റ്റേറ്റ് ഹോമിയോപതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. എന്നാൽനാളിതുവരെയായും മരുന്നുകൾ ലഭിച്ചിട്ടില്ല.ആയത് ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 എൻ.എച്ച്.എം ഹോസ്പിറ്റലിന് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നും ലഭിച്ചില്ല.

പ്രൊജക്ട് - 158/17

നിർവ്വഹണഉദ്യോഗസ്ഥൻ :ഹോമിയോ മെഡിക്കൽ ഓഫീസർ

എൻ.എച്ച്.എം ഹോസ്പിറ്റലിന് മരുന്ന് വാങ്ങൽ പ്രൊജക്ടിനായി പെർഫോർമ ഇൻവേർസ് നമ്പർ 322/21-11-2016പ്രകാരം 200000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ഔഷധിക്ക് നൽകിയിട്ടുണ്ട് . മരുന്ന് വിതരണം പരിശോധിച്ചതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ഹോസ്പിറ്റലിന് ലഭിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം | തുക |
|---|---|
| 1909/30-11-16 | 104230 |
| 2378/7-1-17 | 75213 |
| 90020225/3-6-17 | 6867 |
| 90022166/19-6-17 | 1260 |
| | 187570 |

12430/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.ആയത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഖരമാലിന്യസംസ്കരണം-മാർഗ്ഗരേഖയിലെനിർദ്ദേശങ്ങൾക്കുവിരുദ്ധം

പ്രോജക്ട് നം-129/17

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ചെലവഴിച്ച തുക-368500 (പദ്ധതിവിഹിതം)

179000-vr.no-216000619/28.08.16

189000-vr.no-21601271/31.03.17

ഓഡിറ്റുവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഖരമാലിന്യസംസ്കരണം എന്ന പ്രോജക്ട് നിർവ്വഹിയ്ക്കുന്നതിനായി നിറവ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്ന ഏജൻസിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചത് പഞ്ചായത്തിലെ വിവിധ വാർഡുകളിലെ അജൈവ പാഴ്വസ്തുക്കൾ നീക്കം ചെയ്ത് കർണ്ണാടകയിലെ റീസൈക്ളിംഗ് കേന്ദ്രത്തിലെത്തിച്ച് ജൈവാവശിഷ്ടം വളമായി പായ്ക്കചെയ്ത് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നതായിരുന്നു പ്രോജക്ടിലെ വ്യവസ്ഥ.

മേൽസൂചിത പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ (എം.എസ്) 4/16തസ്വഭവ തീ 11.01.16 ) ഖണ്ഡിക 11.12 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

- അതാതു പ്രദേശങ്ങളിൽ ഉത്പാദിപ്പിയ്ക്കുന്ന മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിയ്ക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല.
- ഉറവിടത്തിൽ സംസ്കരിയ്ക്കുന്ന മാലിന്യത്തിൽ നിന്നും ജൈവവളവും ഊർജ്ജവും ഉത്പാദിപ്പിയ്ക്കണം
- ഖരമാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാന്റുകൾ സ്ഥാപിയ്ക്കൽ, പ്ലാന്റുകൾ സ്ഥാപിയ്ക്കുന്നതിന് സ്ഥലം വാങ്ങൽ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് വാഹനം വാങ്ങൽ എന്നീ പ്രോജക്ടുകൾ മാത്രമെ ഏറ്റെടുക്കാൻ പാടുള്ളൂ.

2009-10 സാമ്പത്തികവർഷം പാലോംചോലമല (പതിനെട്ടാം വാർഡ്) എന്ന സ്ഥലത്ത് വൻ തുക ചെലവഴിച്ച് നിർമ്മിച്ച ഖരമാലിന്യസംസ്കരണപ്ലാന്റ് 2/16 വരെ മാതൃകാപരമായി പ്രവർത്തിച്ചിരുന്നതാണെന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ പ്രസ്തുതപ്ലാന്റ് പ്രവർത്തിയ്ക്കാത്തതുമൂലം നഗരസഭാനിലവാരത്തിൽ ഉയരേണ്ടിയിരുന്ന പഞ്ചായത്ത് പ്രദേശത്തുണ്ടാകുന്ന മാലിന്യംപ്രശ്നം രൂക്ഷമാണ്. ആയതിന് പരിഹാരം കണ്ടെത്തുന്നതിന് ആരോഗ്യസ്റ്റാന്റിംഗ് സമിതി കൈക്കൊണ്ടതീരുമാനങ്ങളും ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിൽ നിലവിലുള്ള വാഹനം പ്രയോജനപ്പെടുത്താത്തതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച 368500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ചെലവിനടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-17 കുടിവെള്ളവിതരണം- തുക ചെലവഴിച്ചതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാരനായ ശ്രീ.യൂസുഫ് നാരായണം കണ്ടിയിൽ എന്നയാളിന് ട്രിപ്പിന്6000രൂപ നിരക്കിൽ 13ട്രിപ്പുകൾക്ക്78000(vr no-21600638/2.11.16)രൂപ അനുവദിച്ചിട്ടുണ്ട്. മേൽ സൂചിത ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കുടിവെള്ളവിതരണവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടറുടെ നടപടിക്രമത്തിൽ (എഫ്5-26919/16 /26.04.16)സൂചിപ്പിച്ച പ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിലല്ലായിരുന്നു (വിതരണം ചെയ്ത ട്രിപ്പുകളുടെ എണ്ണം/ ട്രിപ്പ് ഷിപ്പ്, ചെലവായ തുക,വെള്ളത്തിന്റെ ഉറവിടം) തുക നൽകിയത്.

2. ആദായനികുതി നിയമം 1961, വകുപ്പ് 194 (സി) പ്രകാരം കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. മേൽ വകുപ്പ് പ്രകാരം കരാറുകാരന് നൽകുന്ന തുകയുടെ 1% തുക കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. പാൻകാർഡ് ഇല്ലാത്ത കരാറുകാരിൽ നിന്നും 20% തുക ആദായ നികുതിയായി ഈടാക്കണ്ടതാണ്. എന്നാൽ രണ്ടു കരാറുകാരന്ആകെ 78000 രൂപ നൽകിയെങ്കിലും ആദായനികുതി ഈടാക്കിയില്ല.

## 3-18 തെരുവുവിളക്കു സ്ഥാപിയ്ക്കൽ -പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ-

പ്രോജക്റ്റ് നമ്പർ-20/17

അടങ്കൽ-31500

ചെലവ്-289800 (ലോകബാങ്ക് ധനസഹായം) ബിൽ നം 1212/12 dt. 31.03.17

നിർവ്വഹണോദ്യോഗസ്ഥൻ-ഗ്രാമപഞ്ചായത്ത് സെക്രട്ടറി

നാദാപുരം ഗ്രാമപഞ്ചായത്തിലെ ഇരുപത്തിരണ്ട് വാർഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിയ്ക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. രണ്ട് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചതിൽ റഫീക്ക് അസ്സർ, ബ്രിസ്റ്റോ ഇലക്ട്രിക്കൽസ്, കൊയിലാണ്ടി എന്ന കരാറുകാരന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. 2016-17സാമ്പത്തിക വർഷം ടി പ്രോജക്റ്റ് പ്രകാരം തെരുവുവിളക്കു സ്ഥാപിയ്ക്കലിന് മേൽസൂചിത സ്ഥാപനത്തിന് 289800 രൂപ നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നടത്തിപ്പിലെഅപാകതകൾചുവടെചേർക്കുന്നു.

1) തദ്ദേശസ്വയംഭരണവകുപ്പിന്റെ 15.09.2011. ലെ 3055/ഡി.എ3/11 നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കു പരിപാലനത്തിന്റെ പ്രവൃത്തി ഏൽപ്പിയ്ക്കേണ്ടത് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമുള്ള കരാറുകാരനായിരിയ്ക്കണം. എന്നാൽ മേൽ സൂചിത നിബന്ധന സാധൂകരിയ്ക്കുന്ന രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2)തെരുവുവിളക്കു പരിപാലനത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഐ.എസ്.ഐ മുദ്രയുള്ളതായിരിയ്ക്കണം എന്ന നിബന്ധനയും പാലിച്ചതായി രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3)തെരുവുവിളക്കുകൾ സ്ഥാപിയ്ക്കാൻ ഉദ്ദേശിച്ചതും സ്ഥാപിച്ചതുമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണസ്ഥാപനവും ഇലക്ട്രിസിറ്റി ബോർഡും സംയുക്തപരിശോധന നടത്തി റിപ്പോർട്ടുതയ്യാറാക്കിയിരിയ്ക്കണം എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

4) കരാർ തുകയുടെ പത്ത് ശതമാനം സെക്യൂരിറ്റി നിക്ഷേപമായി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. (കരാർ തുക28980രൂപ, ഇ.എം.ഡി ഇനത്തിൽ ഒടുക്കിയത് 3150രൂപ)

5) 10.03.2017ലെ 07/16-17നം കരാർ പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിയ്ക്കുന്നതിന് പുറമെ രണ്ട് വർഷത്തെ മെയിന്റനൻസും പ്രസ്തുത കരാറുകാരനെ ഏൽപ്പിച്ചിരുന്നു. എന്നാൽ വാറന്റി കാലയളവിന് ശേഷം മാത്രമെ എ.എം.സി ഏൽപ്പിയ്ക്കാൻ അനുവാദമുള്ളൂ.

മേൽ സൂചിത കാരണങ്ങളാൽ പ്രോജക്റ്റിനായി ചെലവഴിച്ച 289800 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-19 കൊതുകുനിവാരണം - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കൊതുകുനിവാരണം എന്ന പ്രോജക്റ്റിനായി (നം 39/17 ) ഐ.കെ.എം ചെലവുപത്രിക പ്രകാരം 27300 രൂപ ചെലവഴിച്ചിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ (സ.ഉ (എം.എസ്) 4/16തസ്വഭവ തീ 11.01.16 ) ഖണ്ഡിക 11.7 (vii)പ്രകാരം രോഗപ്രതിരോധപ്രവർത്തനങ്ങൾ, ബോധവൽക്കരണപരിപാടികൾ, സാധാരണ ശുചീകരണ പ്രവർത്തനങ്ങൾ, എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ എന്നിവരിലൂടെ മാത്രമെ നടപ്പാക്കാവൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് നിർവ്വഹണത്തിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. 2016 ഏപ്രിൽ, മേയ് മാസങ്ങളിൽ 44 ദിവസങ്ങളിൽ മരുന്നു തളിച്ചതിന് 13200 രൂപ വേതനമായി ഒരു സ്വകാര്യ വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. ഏതെല്ലാം വാർഡുകളിൽ മരുന്നു തളിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ, ഐ.കെ.എം ചെലവുപത്രിക പ്രകാരം സൂചിപ്പിച്ചിരിയ്ക്കുന്ന 27300 രൂപയിൽ 13200 രൂപയുടെ ചെലവുവിവരങ്ങൾ മാത്രമെ

ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളു. ശേഷിയ്ക്കുന്ന 14100 രൂപയുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-20** പ്രൊക്യൂർമെന്റ് കമ്മിറ്റി- സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിയ്ക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഘടക സ്ഥാപനങ്ങളിലേക്കുമുള്ള സാധന സേവനങ്ങളുടെ സമാഹരണത്തിന് ഏകീകരണ സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് യോഗം ചേരുന്നുണ്ടെങ്കിലും ഉത്തരവാദിത്വം നിർവ്വഹിക്കുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം 2016-17 സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിത നടപടികളിലൂടെ വാങ്ങൽ നടപടി ആരംഭിക്കേണ്ടതുമാണ്. നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങേണ്ടതാണ്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതാണ്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് ടീം പ്രവർത്തിക്കേണ്ടത്. വാങ്ങലുകൾ നിയമാനുസൃത ഓഡിറ്റിനു പുറമെ സോഷ്യൽ ഓഡിറ്റിനും മോണിട്ടറിംഗിനും വിധേയമാക്കേണ്ടതാണ്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരംനടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി ഒന്നിച്ചു വാങ്ങേണ്ടതാണ്.എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും റേറ്റ് കോൺട്രാക്ട്/ടെണ്ടർ/കൊട്ടേഷൻ മാർഗ്ഗങ്ങൾ മുഖേന സ്വന്തം നിലയിൽ വാങ്ങുകയാണുണ്ടായത്.സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ആവശ്യകതാ നിർണ്ണയം നടത്തി ഒരേ സ്വഭാവമുള്ള വാങ്ങലുകൾ ഒരുമിച്ച് നടത്തിയില്ല.

2. സ്ഥാപനത്തിന്റെ വാങ്ങലുകൾക്ക് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ട പർച്ചേസിംഗ് ടീം, ഫിനാൻസ് ടീം എന്നിവ രൂപീകരിച്ചിട്ടില്ല.

3.ഓഡിറ്റ് വർഷത്തിലെ വാങ്ങലുകൾ അതാതു മേഖലകളുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യാഗസ്ഥർ തന്നെ നിർവ്വഹിച്ചതിനാൽ, ഇതു സംബന്ധിച്ച രേഖകൾ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കും വിധം ഒരുമിച്ച് കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് മാന്വൽ വിഭാവനം ചെയ്യുന്ന തരത്തിൽ സാധന സേവനങ്ങളുടെ സമാഹരണത്തിൽ ഏകീകരണ സ്വഭാവവും സുതാര്യതയും കൈവരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി,പർച്ചേസ് ടീം എന്നിവ പ്രവർത്തന ക്ഷമമാക്കേണ്ടതുണ്ട്. പഞ്ചായത്ത് സെക്രട്ടറി ഈ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## **3-21** ലൈബ്രറി സെസ്സ്-കൃത്യസമയത്ത് അടവാക്കാത്തത് -

2016-17സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 13,46,267 രൂപ അടവാക്കാനവശേഷിയ്ക്കുന്നു. ആയത് കൃത്യസമയത്ത് അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ

താൽപര്യപ്പെടുന്നു. താമസിച്ച് അടവാക്കുന്നതുമായി ബന്ധപ്പെട്ട് ലൈബ്രറി കൗൺസിൽ ചുമത്തുന്ന എല്ലാ ഫൈനുകളും സെക്രട്ടറിയുടെ ബാദ്ധ്യതയായി പരിഗണിയ്ക്കുന്നതാണ്.

## 3-22 കോടതി വ്യവഹാരങ്ങളുടെ തുടർ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം എൺപതോളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി,കീഴ്കോടതികൾ,ഓംബുഡ്സ്മാൻ,ലീഗൽ സർവ്വീസ് സൊസൈറ്റി എന്നിവയിൽ ഫയൽ ചെയ്തവ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നില്ല. കൂടാതെ പഞ്ചായത്ത് വാദിയായും പ്രതിയായും നിൽക്കുന്ന കേസുകളുടെയും വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിയ്ക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല. മേൽ സൂചിത രജിസ്ററർ സൂക്ഷിക്കാത്തതിന് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-23 വാഹന പരിപാലനവും അറ്റകുറ്റപ്പണികളും-നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച

ഗ്രാമ പഞ്ചായത്തിൽ ഓഫീസ് ജീപ്പ്, (KL11G8518)ഖരമാലിന്യങ്ങൾ നീക്കുന്നതിനായി വാങ്ങിയ ട്രാക്ടർ കം ട്രെയിലർ(KL11Q3180), പ്രസിഡന്റ് ഉപയോഗിയ്ക്കുന്ന സ്വിഫ്റ്റ് ഡിസയർ കാർ(KL18H 3794) എന്നിങ്ങനെ മൂന്ന് വാഹനങ്ങളാണ് നിലവിലുള്ളത്.വാഹനങ്ങൾക്ക് സർക്കാർ ഉത്തരവ് അനുശാസിയ്ക്കും വിധം ഓരോ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് എഴുതി സൂക്ഷിയ്ക്കുന്നില്ല. ഇതിൽ വാഹനത്തിന്റെ ഇൻഷ്വറൻസ് വിവരങ്ങൾ, എൻജിൻ നമ്പർ, ബാറ്ററി നം, ടയർ നം റീട്രേഡിംഗ് നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്.വാഹനങ്ങളുടെ പരിപാലനച്ചെലവ്, ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം/ശമ്പളം എന്നീ ഇനങ്ങളിൽ താരതമ്യേന കൂടിയ തുകയാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചുവരുന്നത്. ജീപ്പിന്റെ ഇന്ധനച്ചാർജിനത്തിലും അറ്റകുറ്റപ്പണികൾ, ടയർ വാങ്ങൽ, മറ്റ് ചാർജ്ജുകൾ എന്നീ ഇനങ്ങളിൽ വൻതുകയും ചെലവഴിച്ചിട്ടുണ്ട്. ഡ്രൈവറുടെ ശമ്പളമിനത്തിലെ ചെലവ് കൂടി പരിഗണിക്കുമ്പോൾ വാഹനം വാങ്ങുന്നതിനാവശ്യമായ മൂലധനച്ചെലവിന്റെ ഏകദേശം 50% തുക പ്രതിവർഷം ചെലവഴിക്കുന്നുണ്ട്. ആയതിനാൽ ഇത്തരം ചെലവുകളിൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടത് ഏറ്റവും ആവശ്യമാണ്.ജീപ്പിന്റെ അറ്റകുറ്റപ്പണിയ്ക്കായുള്ള ആവശ്യം സംബന്ധിച്ച് ഡ്രൈവർ റിപ്പോർട്ട് നൽകിയതായോ കസ്റ്റോഡിയൻ ഓഫീസർ റിപ്പോർട്ട് തയ്യാറാക്കിയതായോ കാണുന്നില്ല. മതിപ്പ് ചെലവ് കണക്കാക്കി മൽസരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. അറ്റകുറ്റപ്പണിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി മാറ്റി വെയ്ക്കേണ്ട സ്പെയറുകൾ, ലേബർ ചാർജ് എന്നിവ പ്രത്യേകമായി കണക്കാക്കി മെക്കാനിക്കൽ എഞ്ചിനീയറുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുമില്ല. വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ ചെലവ് 10,000/- രൂപ അധികരിക്കുമ്പോൾ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടത് ഏറ്റവും ആവശ്യമാണ്.

## 3-24 കമ്മറ്റി തീരുമാനങ്ങൾ നടപ്പാക്കൽ -തുടർനടപടികൾ സ്വീകരിയ്ക്കാത്തത്

ചുവടെ ചേർക്കുന്ന തീയതികളിലെ കമ്മറ്റിതീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| തീയതി | തീരുമാനനമ്പർ | തീരുമാനം |
|---|---|---|
| 13.04.16 | 47 | 2010-11വർഷം ആരംഭിച്ച ലക്ഷം വീട് ഭവനനിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവ് എഗ്രിമെന്റ് വയ്ക്കാത്തതിനാൽ ബാക്കിവന്ന 75000രൂപയിൽ പലിശയും ഉൾപ്പെടെ ആകെ 94826രൂപയിൽ50% തുക കൺസോളിഡേറ്റഡ് ഫണ്ടിലും50%ഭവനനിർമ്മാണബോർഡിലും അടയ്ക്കുന്നതിന് വിഇഒയോട് നിർദ്ദേശിച്ചു |
| 28.04.16 | -- | 2001-02 വർത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഈയം കോട് മൃഗാശുപത്രി കെട്ടിടം പണിയുന്നതിനായി അനുവദിച്ച അഞ്ചുലക്ഷം രൂപയിൽ ചെലവഴിയ്ക്കാതെ ബാക്കിനിൽക്കുന്ന രൂപ6142 ട്രഷറിയിൽ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കണം |
| 17.02.17 | 13(6) | വിവിധവാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി യിൽ വാട്ടർ അതോറിട്ടിയ്ക്കക്ക് കൈമാറിയ തുകയിൽ മിച്ചം വന്ന ഉപയോഗിച്ച് പഞ്ചായത്തിലെ ഒന്നാം വാർഡിൽ പൈപ്പ് ലൈൻ നീട്ടുന്നത് സംബന്ധിച്ച് |
| 14.03.17 | 35 | ഇൻഡോർ സ്റ്റേഡിയം, കമ്യൂണിറ്റിഹാൾ എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അനുമതി വാങ്ങുന്നത് |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ദുണേരി ബ്ലോക്ക് പഞ്ചായത്ത് | - | - | ഝാൻസി ഹോം നിർമ്മാണം | - | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ചെലവുണ്ടായിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്ഭവനപദ്ധതി | 322/2010 dt 24.01.10 | -240000 | 3608006 | 1016650 | - | 2591356 |
| നാദാപുരം ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം | 1130/2014 dt. 13.05.14 | 7583300 | 213713763204580 | 2188011 | - | 18166796 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| നാദാപുരം സഹകരണ ആശുപത്രി ഷെയർ | 5000 |
| ആകെ | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 500രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | | 500 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 21 | 2003-04 | 11-13-7(1) | നികുതി കാലഹരണപ്പെട്ടു |
| 1999-2000 | ഭാഗം-1 | 2003-04 | 11-13-7(2) | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -അപാകത |
| 2001-02 | ഭാഗം-1 | 2004-05 | 3-11-3 | നികുതി കുടിശ്ശിക |
| 2000-01 | ഖണ്ഡിക 9 | 2004-05 | 3-11-4 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല. |
| 2002-03 | 3-11 | 2005-06 | 70-1 | സാങ്കേതിക നിർദ്ദേശം പാലിക്കുന്നില്ല |
| 2002-03 | 3-6 | 2005-06 | 70-47 | ഭവന നിർമ്മാണ ധനസഹായം - നിർമ്മാണം പൂർത്തിയാകുന്നില്ല. |
| 2003-04 | 3-11<br>3-12 | 2005-06 | 70-9-16 | പെൻഷൻ/വേതനം അപാകതകൾ |
| 2002-03 | ഭാഗം-1 (ജി) | 2005-06 | 70-11-13 | ആഭ്യന്തര നിയന്ത്രണം |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 93096506 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93162133 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 50000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1846146 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 50000 | ശ്രീ.കെ.വിനോദ്കൃഷ്ണൻ, അസ്സിസ്റ്റന്റ് സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 200541 | -- |
| 3-11 | 550000 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-12 | 423205 | കൗസല്യ.ബി.കെ. ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3-19 | 14100 | ശ്രീ.പി.എം സുരേഷ് ബാബു, സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് |
| 3-16 | 368500 | |
| 3-18 | 289800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3(17) കാണുക.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-16, 3-18

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.വിനോദ്കൃഷ്ണൻ, അസ്സിസ്റ്റന്റ് സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് | അസ്സിസ്റ്റന്റ് സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് | ഹരിശ്രീ, ഈസ്റ്റ് പള്ളൂർ ,ചൊക്ളി |
| ശ്രീ.പി.എം സുരേഷ് ബാബു, സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് | സെക്രട്ടറി നാദാപുരം ഗ്രാമപഞ്ചായത്ത് | ശ്രുതി, ഒളവിലം, ചൊക്ളി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93, 1993-94 | എൽ.എഫ്.കെ.കെ.ഡി/പി.6/773/ 12തീ 6.6.12 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.6 /773/12 തീ 7.7.12 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/എസ്.2/798/02 തീ 13.2.13 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.പി5/991/04 തീ 11.11.05 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/പി.4/603/05 തീ 11.11.05 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/പി.4/259/14 തീ 17.05.14 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.11/ 433/14/04 തീ 17.05.14 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി11/433/14. തീ 17.05.14 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി11/ 433/14(1) തീ 17.05.14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി11/433/14 (2)തീ 17.05.14 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി11/433/14 (3)തീ 17.05.14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി11/433/14 (4)തീ 17.05.14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി11/433/14 (5)തീ 17.05.14 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി11/433/14 (6)തീ 17.05.14 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി11/166/11 തീ 12.04.13 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.11/948/12 തീ 9.10.12 |
| 2012-13 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി9/2062/16 തീയതി 19.01.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി9/1219/16 തീയതി 12.07.2016 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി9/2171/16 തീയതി 18.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.കെ.ഡി/പി.9/1625/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി – 17.0.8.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കോഴിക്കോട് നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാദാപുരം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No.KSA/KKD/P.9/1625/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated – 17.08.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Nadapuram Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Nadapuram Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office, Kozhikode.